ലോകമലയാള സമ്മേളനങ്ങൾ

39 (2968)ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ രാജ്യങ്ങളിൽ വച്ചു നടക്കുന്ന ലോകമലയാള സമ്മേള നങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രവാസി മലയാളി വകുപ്പിന്റെ നേതൃത്വത്തിൽ ഈ സമ്മേളന ങ്ങൾ നടത്താൻ മുൻകൈ എടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം സർക്കാർ ആലോചിച്ചിട്ടില്ല.

ഗുണ്ടാ ആക്ട് നടപ്പാക്കുവാൻ നടപടി

40 (2969)ഡോ. എം.എ. കുട്ടപ്പൻ :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണ്ടാ ആക്ട് നടപ്പാക്കുവാൻ ഉദ്ദേശമുണ്ടോ;

(ബി) എങ്കിൽ അതിനുവേണ്ടി എന്തെല്ലാം ഏർപ്പാടുകൾ ഇതുവരെ ചെയ്തു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ)&(ബി)ഇപ്പോൾ പരിഗണനയിലില്ല.

ശാസ്ത്രീയമായ രീതിയിൽ കുറ്റാന്വേഷണം

41 (2970)ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യ ങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗതമായ കുറ്റാന്വേഷണത്തിനു പകരം ശാസ്ത്രീയ മായ കുറ്റാന്വേഷണം നടത്താൻ ഈ സർക്കാർ എന്തെങ്കിലും പദ്ധതി ആവി ഷ്കരിച്ചിട്ടുണ്ടോ;

(ബി) പോളിഗ്രാഫ് പരിശോധന, വിരലടയാള ശേഖരം എന്നീ രംഗ ങ്ങളിൽ എന്തൊക്കെ നവീകരണമാണ് നടത്തിയിട്ടുള്ളത്;

(സി) പരിഷ്കൃത ആയുധങ്ങളും വാർത്താവിനിമയ സാമഗ്രികളും പോലീസ് സേനയ്ക്ക് നൽകാനുതകുന്ന എന്തൊക്കെ നടപടികളാണ് എടു ത്തിട്ടുള്ളത്?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള പോലീസ് ഫിംഗർപ്രിന്റ് ബ്യൂറോയിൽ ആധുനിക രീതി യിലുള്ള ഫിംഗർ പ്രിന്റ് അനാലിസ്സ് ആന്റ് ക്രിമിനൽ ട്രെയിനിംഗ് സിസ്റ്റം

LIBRARY ARCHIVES Kerala Legislative Assembly